പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 6437 11-07-2012 - ൽ മറുപടിക്ക്

<u>സാധാരണക്കാരന് നിയമസഹായം നല്കുന്നതിനുള്ള പദ്ധതി</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ. കെ.എം. മാണി<br>(ബഹു. ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |

| | | |
|---|---|---|
| (എ) | ഗ്രാമ പഞ്ചായത്തുകളിൽ സാധാരണക്കാരന് നിയമ സഹായം നൽകുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ടോ; | അതാത് താലൂക്കുകളിൽ പ്രവർത്തിക്കുന്ന താലൂക്ക് ലീഗൽ സർവ്വീസസ് കമ്മിറ്റികൾ മുഖേന ഗ്രാമ പഞ്ചായത്തുകളിൽ സാധാരണക്കാർക്ക് നിയമ സഹായം നൽകി വരുന്നു. ആയതിന് താലൂക്ക് ലീഗൽ സർവ്വീസസ് കമ്മിറ്റികളുടെ പാനലിലുള്ള അഭിഭാഷകരുടെ സേവനം വിനിയോഗിച്ചു വരുന്നു. കൂടാതെ എല്ലാ ഗ്രാമപഞ്ചായത്തുകളോടനുബന്ധിച്ചും ലീഗൽ എയ്ഡ് ക്ലിനിക്കുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | എങ്കിൽ ഇത്തരം നിയമ സഹായ ക്ലിനിക്കുകൾ ആരംഭിക്കുന്നതിന് നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | സംസ്ഥാനത്തുടനീളം ലീഗൽ സർവ്വീസസ് സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ 210-ഓളം നിയമ സഹായ ക്ലിനിക്കുകൾ പ്രവർത്തിച്ചുവരുന്നു. അവയുടെ ജില്ല തിരിച്ചുള്ള കണക്ക് താഴെ നൽകുന്നു. |

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 19 |
| കൊല്ലം | 4 |
| പത്തനംതിട്ട | 2 |
| ആലപ്പുഴ | 46 |
| കോട്ടയം | 9 |
| ഇടുക്കി | 28 |
| എറണാകുളം | 30 |
| തൃശ്ശൂർ | 6 |
| പാലക്കാട് | 16 |
| മലപ്പുറം | 24 |

<table>
<tr><td></td><td></td><td>
<table>
<tr><td>കോഴിക്കോട്</td><td>5</td></tr>
<tr><td>വയനാട്</td><td>16</td></tr>
<tr><td>കണ്ണൂർ</td><td>4</td></tr>
<tr><td>കാസർഗോഡ്</td><td>5</td></tr>
<tr><td>ആകെ</td><td>214</td></tr>
</table>
<br>
പ്രസ്തുത നിയമ സഹായ ക്ലിനിക്കുകളിൽ അഭിഭാഷകരും പാരാ ലീഗൽ വോളന്റിയർമാരും തങ്ങളെ സമീപിക്കുന്ന പൊതുജനങ്ങൾക്ക് അവരുടെ നിയമ പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കുകയും നിയമോപദേശം നൽകുകയും ചെയ്തുവരുന്നു. മേൽ നടപടി ആവശ്യമുള്ള കേസുകളിൽ കക്ഷികളെ അതാത് ലീഗൽ സർവ്വീസസ് സ്ഥാപനങ്ങളെ സമീപിക്കുവാൻ വേണ്ട സഹായം ലീഗൽ എയ്ഡ് ക്ലിനിക്കുകൾ മുഖേന നൽകിവരുന്നു.
</td></tr>
<tr><td>(സി)</td><td>പ്രസ്തുത പദ്ധതി എന്ന് നടപ്പിൽ വരുത്താനാകുമെന്നാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;</td><td>പ്രസ്തുത പദ്ധതി നിലവിൽ നടപ്പിലാക്കി വരികയാണ്.</td></tr>
</table>

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ.**